"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ് - വർക്കിംഗ് ഗ്രൂപ്പ് 202-26-"Promotion of Environmental friendly activities through Tourism – Kerala Responsible Tourism Mission Society 2025-26" – എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.265/2025/TSM തീയതി,തിരുവനന്തപുരം, 08-05-2025

---

പരാമർശം:-
1. സ.ഉ (കൈ) നം.03/2019/ടൂറിസം തീയതി 30-05-2019.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 07-04-2025 തീയതിയലെ ഡിഒടി/1044/2025-പി7 നമ്പർ കത്ത്.
3. 22.04.205 തീയതിയിലെ വിനോദസഞ്ചാര വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പുകൾ.

**<u>ഉത്തരവ്</u>**

കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി നടത്തി വരുന്ന പാരിസ്ഥിതിക ഉത്തരവാദിത്തത്തിന്റെ ഭാഗമായുള്ള വിവിധ പ്രവർത്തനങ്ങൾക്കായി, 'Promotion of Environmental friendly activities through Tourism – Kerala Responsible Tourism Mission Society 2025-26' എന്ന പദ്ധതിയ്ക്ക് ₹50,00,000/- ( അൻപത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച്, പദ്ധതി പ്രൊപ്പോസൽ പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

(2). പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു:-

| ക്രമ നമ്പർ | ഘടകങ്ങൾ | പ്രതീക്ഷിക്കുന്ന ചെലവ് |
|---|---|---|
| 1 | ആർ ടി വർഗ്ഗീകരണത്തിന്റെ തുടർച്ച | 2,89,000/- |
| 2 | കെ ആർ ടി എം സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്തതും വനിതകൾ നയിക്കുന്നതും, ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ ഉള്ളതുമായ 14 ജില്ലകളിൽ നിന്നും 14 | 3,50,000/- |

| | | |
|---|---|---|
| | ഹോംസ്റ്റേകൾ ക്ക് 25,000/-രൂപ വീതം ഫലപ്രദമായ മാലിന്യ സംസ്കരണ സംവിധാനം (ബയോഗ്യാസ് പ്ലാന്റ്) തയ്യാറാക്കുന്നതിന് (14 units x 25,000 = 3,50,000) | |
| 3 | കാർബൺ ന്യൂട്രൽ പാക്കേജുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പരിപാടികൾ/പദ്ധതികളുടെ ഭാഗമായി കെ ആർ ടി എം സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന കയാക്കിംഗ് യൂണിറ്റുകൾക്ക് പ്രവർത്തന ധനസഹായം (5 unitsx 40,000 = units 2,00,000) | 2,00,000/- |
| 4 | കെ ആർ ടി, എം സൊസൈറ്റി യൂണിറ്റുകളിൽ ശാസ്ത്രീയ മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭകർക്ക് ഫലപ്രദമായ മാലിന്യ സംസ്കരണ സംവിധാനം തയ്യാറാക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി - എക്സ് പീരിയൻസ് എത്തിക് ക്യുസീൻ, അഗ്രി ടൂറിസം യൂണിറ്റുകൾക്ക് മാത്രം ഒന്നിന് 25,000/- രൂപ വീതം .<br><br>ഒരു ജില്ലയിൽ രണ്ട് അഗ്രി ടൂറിസം യൂണിറ്റ്, രണ്ട് എക്സ്പീരിയൻസ് എത്തിക് ക്യുസീൻ യൂണിറ്റ് എന്ന കണക്കിൽ 14 ജില്ലകളിൽ നിന്നും 4 യൂണിറ്റുകൾ വീതം 56 യൂണിറ്റുകൾക്ക് (56 units x 25,000 = 14,00,000) | 14,00,000/- |
| 5 | പാരിസ്ഥിതിക ഉത്തരവാദിത്തം പ്രോത്സാഹിപ്പിക്കുന്നതിനുള്ള മറ്റ് പ്രോഗ്രാമുകൾ/ പദ്ധതികൾ - കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ് ഇന്നൊവേഷൻ ആൻഡ് ടെക്നോളജി സമർപ്പിച്ച പ്രൊപ്പോസൽ | 27,61,000/- |
| **ആകെ തുക**<br><br>**അൻപത് ലക്ഷം രൂപ മാത്രം** | | **50,00,000/-** |

(3). 22-04-2025-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ഇക്കാര്യം പരിഗണിക്കുകയും പദ്ധതി പ്രൊപ്പോസൽ ചില നിബന്ധനകൾക്ക് വിധേയമായി അംഗീകരിക്കുകയും ചെയ്തു.

(4). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.**'Promotion of Environmental friendly activities through Tourism – Kerala Responsible Tourism Mission Society 2025-26'** എന്ന പദ്ധതിയ്ക്ക് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി, നടപ്പ് സാമ്പത്തിക വർഷത്തെ **3452-80-104-**

**89-Responsible Tourism (Plan)** എന്ന ശീർഷകത്തിൽ നിന്നും **₹**50,00,000/- ( **അൻപത് ലക്ഷം രൂപ മാത്രം)** രൂപ അനുവദിച്ച് ഉത്തരവാകുന്നു.

1. **The proposal shall be placed before the KRTM Executive Committee before execution of the project**
2. **New freebie schemes should be dispensed, allowed only for continuing such schemes.**

(5). പ്രസ്തുത പദ്ധതി കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി മുഖേന സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും, പദ്ധതിയുടെ നടത്തിപ്പിനായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ എല്ലാ നിബന്ധനകളും നിർബന്ധമായും പാലിയ്ക്കേണ്ടതും, പദ്ധതിച്ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതും, പദ്ധതി നടപ്പിലാക്കിയതിന് ശേഷമുള്ള രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി, പാർക്ക് വ്യൂ തിരുവനന്തപുരം
ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സംസ്ഥാന പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I/II), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ (എക് സ്പെൻഡിച്ചർ വകുപ്പ്
പി.ഐ.ഇ.&എം വകുപ്പ്
വിനോദസഞ്ചാര (എ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/113 /2025-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 08-05-2025 12:36:36

സെക്ഷൻ ഓഫീസർ

പകർപ്പ് :

1. വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
3. വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.